(സി) വകമാറ്റിയ തുക പൂർണ്ണമായും തിരികെ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ-സി) കേന്ദ്ര സർക്കാരിൽനിന്നും എം.ജി.എൻ.ആർ.ഇ.ജി.എസ്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തിരികെ പഞ്ചായത്തുകൾക്ക് നൽകുന്നതാണ് എന്ന് ഉത്തരവായിരുന്നു. പഞ്ചായത്തുകൾ നൽകിയ തുകയുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ശേഖരിച്ചുതിരികെ നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.

വിള ആരോഗ്യ പരിപാലനം

28 (*718) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വിള ആരോഗ്യ പരിപാലനമെന്ന സമീപനത്തിന്റെ ലക്ഷ്യ മെന്താണെന്ന് വിശദമാക്കുമോ ;

(ബി) ഇത്തരമൊരു സമീപനത്തിലേക്ക് നയിച്ച സാഹചര്യങ്ങളും കാരണങ്ങളും വ്യക്തമാക്കുമോ ;

(സി) കീട രോഗനിയന്ത്രണത്തിൽ രാസപദാർത്ഥങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുക എന്നത് പുതിയ സമീപനത്തിന്റെ ലക്ഷ്യമായി അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) വിളകളെ ബാധിക്കുന്ന/ബാധിക്കാൻ സാധ്യതയുള്ള കീടരോഗങ്ങൾ നിരീക്ഷണത്തിലൂടെ കണ്ടെത്തുന്നതിനും അവയെ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനും കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകി വിളകൾ സംരക്ഷിക്കുന്നതിനും വിളകളുടെ ആരോഗ്യവും വളർച്ചയും ഉത്പാദനവും ലക്ഷ്യമിട്ടിട്ടുള്ളതാണ് വിള ആരോഗ്യ പരിപാലന പദ്ധതി. കീടരോഗബാധമൂലമുള്ള നാശനഷ്ടത്തിന്റെ വ്യാപ്തി കുറയ്ക്കുക അവ വ്യാപകമായി പടരുന്നത് തടയുക, മുൻകൂർ പ്രതിരോധ പ്രവർത്തനങ്ങൾവഴി കീടനാശിനികളുടെ ഉപയോഗത്തിന്റെ അളവ് കുറയ്ക്കുക എന്നിവയും ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കീടനാശിനികളുടെ അനിയന്ത്രിത ഉപയോഗം ജീവജാലങ്ങൾക്കും പരിസ്ഥിതിക്കും ദോഷകരമാണ്. പലപ്പോഴും നാം കഴിക്കുന്ന ഭക്ഷണ പദാർത്ഥങ്ങളിലെ അവശിഷ്ട വിഷാംശത്തിന്റെ അളവ് നിർദ്ദേശിക്ക പ്പെട്ടിട്ടുള്ളതിലും വളരെ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതുമൂല മുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ നിരവധിയാണ്. വർഷങ്ങളായി തുടർന്നുവരുന്ന അനിയന്ത്രിതമായ കീടനാശിനികളുടെ ഉപയോഗം, ശത്രുകീട ങ്ങളോടൊപ്പം അനേകം മിത്രകീടങ്ങളെയും വിളകളിൽ നിന്നകറ്റി കൂടാതെ അപ്രധാനമായിരുന്ന പല കീടങ്ങളും ശക്തി പ്രാപിച്ച് വിളകൾക്ക് ദോഷകര മാകുന്ന അവസ്ഥയുണ്ടായി. ഇതിനുപുറമേ രാസകീടനാശിനികളുടെ അമിത ഉപയോഗം പരിസര മലിനീകരണവും സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിൽ കർഷകർക്ക് ആരോഗ്യമുള്ള വിളയും ഉപഭോക്താവിന് കീടനാശിനി വിമുക്തമായ കാർഷിക ഉത്പന്നങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആണ് വിള ആരോഗ്യ പരിപാലന പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

(സി) കീടരോഗനിയന്ത്രണത്തിൽ രാസപദാർത്ഥങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ട്. എന്നാൽ രാസകീടനാശിനികളുടെ ഉപയോഗം കഴിയുന്നത്ര കുറയ്ക്കുകയാണ് ലക്ഷ്യം. സംയോജിത കീടനിയന്ത്രണം, ജൈവ, ജൈവീക, നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയ്ക്കാണ് മുൻഗണന നൽകുന്നത്. വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമായി രാസ കീടനാശിനികളുടെ ഉപയോഗം പരിമിതപ്പെടുത്തും.

പാഠപുസ്തകങ്ങൾ അച്ചടിക്കാനുപയോഗിച്ച കടലാസിന്റെ ഗുണനിലവാരം

29 (*719) ശ്രീ. കെ. രാജു :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്കൂളുകളിൽ വിതരണം ചെയ്യാൻ സർക്കാർ പ്രസ്സിൽ അച്ചടിച്ച പാഠപുസ്തകങ്ങൾക്ക് ഗുണനിലവാരമില്ലെന്ന പരാതിയുണ്ടായിട്ടുണ്ടോയെന്നും ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടു ണ്ടെങ്കിൽ അന്വേഷണ വിവരം എന്താണെന്നും വെളിപ്പെടുത്തുമോ ;

(ബി) ഗുണനിലവാരമുള്ള 80 ജി.എസ്.എം. പേപ്പർ ഉപയോഗിക്കു ന്നതിനു പകരം 70 ജി.എസ്.എം. പേപ്പറാണ് ഉപയോഗിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തുനടപടികളാണ് സ്വീകരിക്കാനു ദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഗുണനിലവാരം കുറഞ്ഞ പേപ്പറിൽ പാഠപുസ്തകങ്ങൾ അച്ചടിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിവരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly